بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 25.03.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## ഹദ്റത് മസീഹ് മൗഊദ്(അ)

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِیۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِیۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ

نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ

عَلَیۡهِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَلَا الضَّآلِّیۡنَ ○

രണ്ട് ദിവസം മുമ്പ് മാർച്ച് 23 ആയിരുന്നു. ഈ ദിവസം മസീഹ് മൗഊദ് ദിനമായി ജമാഅത്തിൽ ആഘോഷിക്കുന്നു. അന്നേ ദിവസം ആണ് വാഗ്ദത്ത മസീഹ്(അ) ആദ്യ ബൈഅത്ത് സ്വീകരിച്ചിരുന്നത്. അദ്ദേഹത്തിന്റെ വാദങ്ങളും, ആഗമനോദ്ദേശ്യവും, പ്രവചനങ്ങളും, അദ്ദേഹത്തിന്റെ ജീവചരിത്രത്തിന്റെ വിവിധ വശങ്ങളും വിശദീകരിക്കുന്ന യോഗങ്ങൾ ഈ ദിവസം സംഘടിപ്പിക്കുന്നു. കാലഘട്ടവുമായി ബന്ധപ്പെട്ടു തന്റെ നിയോഗത്തെ പരാമർശിച്ചുകൊണ്ട് ഹുസൂർ(അ) ഒരു സന്ദർഭത്തിൽ പറയുന്നു: ഈ കാലഘട്ടത്തിൽ സർവ്വശക്തനായ അല്ലാഹു മഹത്തായ ഔദാര്യം ചെയ്തിരിക്കുന്നു. തന്റെ മതമായ ഇസ്‌ലാമിനേയും തിരുനബി(സ)നേയും പിന്തുണച്ചുകൊണ്ട് തന്റെ ആത്മാഭിമാനം പ്രകടിപ്പിച്ചുകൊണ്ട് ജനങ്ങളെ പ്രകാശത്തിലേക്കു ക്ഷണിക്കുന്നതിനായി നിങ്ങൾക്കിടയിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ വ്യക്തിയെ അയച്ചിരിക്കുന്നു. നിങ്ങൾ കാണുന്നതുപോലെ നാനാഭാഗങ്ങളിൽനിന്നും ഇസ്‌ലാമിനെ ഇല്ലാതാക്കാൻ സമുദായങ്ങൾ തുനിഞ്ഞിറങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ അഭിമാനബോധം ആവേശം കൊണ്ടില്ലായിരുന്നെങ്കിൽ, ഇന്നാ ലഹൂ ലഹാഫിളൂൻ എന്നുള്ള (സംരക്ഷണ) വാഗ്ദാനം ഇല്ലായിരുന്നെങ്കിൽ, തീർച്ചയായും ഇസ്‌ലാം ഇന്ന് ലോകത്ത് നിന്ന് ഉയർന്നുപോവുകയും അതിന്റെ പേരും അടയാളവും മായ്ക്കപ്പെടുകയും ചെയ്യുമായിരുന്നുവെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. എന്നാൽ അത് സംഭവിക്കുകയില്ല. അല്ലാഹുവിന്റെ അദൃശ്യകരങ്ങൾ അതിനെ സംരക്ഷിച്ചുകൊണ്ടിരിക്കുന്നു.

അദ്ദേഹം തന്റെ വാദത്തിനുശേഷം, അല്ലാഹുവിന്റെ പിന്തുണയും സഹായവും തനിക്ക് എത്ര ഉണ്ടായിരുന്നെന്ന് വിശദീകരിക്കുകയുണ്ടായി. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞിട്ടുള്ള, അദ്ദേഹം നേരിട്ട് ദർശിച്ചതോ ശ്രവിച്ചതോ ആയ ചില കാര്യങ്ങൾ ഞാൻ ഇപ്പോൾ വിവരിക്കുന്നതാണ്. വാഗ്ദത്ത മസീഹിനെക്കുറിച്ചുള്ള സത്യസാക്ഷ്യം വിവരിക്കുമ്പോൾ, ഈ സംഭവങ്ങൾ നമ്മുടെ സംസ്കരണത്തിലേക്കും വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതിലേക്കും നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നു.

പ്രവാചകന്മാരെക്കുറിച്ച് പ്രവാചകൻമാരുടെ എതിരാളികൾ എപ്പോഴും പറയാറുള്ളത്, ഇവർ പറയുന്ന ജ്ഞാനനിർഭരമായ കാര്യങ്ങൾ മറ്റാരോ പഠിപ്പിച്ചുകൊടുക്കുന്നതാണ് എന്നാണ്. വിശുദ്ധ ഖുർആനെ സംബന്ധിച്ച് തിരുനബി(സ)ന്റെമേലും നഊദുബില്ലാഹ് ഈ ആക്ഷേപം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: (ഇപ്രകാരം) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലേഖനങ്ങൾ അയച്ചുകൊടുക്കുന്നത് ഏതോ ഒരു മൗലവി ചിരാഗ് അലി സാഹിബ് ഹൈദരാബാദിയായിരുന്നുവെന്ന് എതിരാളികളുടെ പത്രങ്ങളും എഴുതിക്കൊണ്ടേയിരിക്കുന്നു. (മാത്രമല്ല, ഇങ്ങനെ അയച്ചുകൊടുക്കുന്നത്) അദ്ദേഹം ബറാഹീനേ അഹ്മദിയയിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. താൻ മനസ്സിലാക്കിയ നല്ല കാര്യങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അയച്ചുകൊടുക്കുകയും അവിടുന്നും ഇവിടുന്നുമുള്ള നിസ്സാരമായ കാര്യങ്ങൾ തന്റെ പക്കൽ സൂക്ഷിക്കുകയും ചെയ്യാൻ മൗലവി ചിരാഗ് അലി സാഹിബിന് എന്താണ് സംഭവിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഒന്നാമതായി ഇദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലേഖനങ്ങൾ അയച്ചുകൊടുക്കേണ്ട അവശ്യംതന്നെ എന്തായിരുന്നു? ഇനി അഥവാ അയച്ചുകൊടുക്കുകയാണെങ്കിൽ തന്നെ ഉത്തമമായത് തന്റെ പക്കൽ വെച്ചിട്ട് നിസ്സാരമായത് നൽകാമായിരുന്നു.

എതിരാളികളുടെ ബഹളത്തെയും എതിർപ്പിനെയും പരാമർശിച്ച് ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദമുന്നയിച്ച അവസരത്തിൽ അദ്ദേഹത്തിന്റെയും അനുയായികളുടെയും അവസ്ഥ പ്രത്യക്ഷത്തിൽ വളരെ ദുർബലമായിരുന്നു. വിവിധ മാർഗേണ മൗലവിമാർ ജനങ്ങളെ ഇളക്കിവിട്ടുകൊണ്ടിരുന്നു. ഈ എതിർപ്പിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രതികരണം എന്തായിരുന്നുവെന്നതിനെപറ്റി ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്നും പലപ്പോഴായി കേട്ടിട്ടുണ്ട്, ആളുകൾ അസഭ്യം പറയുമ്പോൾ ഇവർ

ഇവർ തങ്ങളുടെ ഭാവി എന്തിനു നശിപ്പിക്കുന്നുവെന്നതിൽ പ്രയാസം തോന്നുന്നു. ഇനി ഇവർ അധിക്ഷേപിക്കുന്നില്ലെങ്കിൽ അപ്പോഴും നമുക്ക് പ്രയാസം ഉണ്ടാകുന്നു. കാരണം എതിർപ്പില്ലാതെ ജമാഅത്തിനു പുരോഗതിയുണ്ടാകുന്നതല്ല. അസഭ്യം വർഷിക്കുമ്പോൾ ഈ എതിർപ്പ് കാരണം ജമാഅത്തിന്റെ സന്ദേശം എത്തുന്നു. വാഗ്ദത്ത മസീഹ്(അ) പറയാറുണ്ടായിരുന്നു: (ഇപ്രകാരം) അസഭ്യം പറയുന്നതിൽപോലും നമുക്ക് ആനന്ദമുണ്ട് അതിനാൽ ജനങ്ങളുടെ എതിർപ്പുകളെയോ അസഭ്യങ്ങളെയോ നാം ഗൗനിക്കേണ്ടതില്ല. ഹദ്റത് മസീഹ് മൗഊദ്(അ) ഒരു പഞ്ചാബി പഴഞ്ചൊല്ല് പറയാറുണ്ടായിരുന്നു, അതായത് ഒട്ടകം അലറിക്കൊണ്ടിരിക്കുന്നു എന്നാൽ ഉടമ അതിന്മേൽ തടവിക്കൊണ്ട് പിന്നെയും ഭാരം വെക്കുന്നു. ആളുകൾ എന്ത് പറഞ്ഞാലും അവരോട് ദയയോടെയും സ്നേഹത്തോടെയും പെരുമാറണമെന്ന് ഹദ്റത് മസീഹ് മൗഊദ്(അ) ഉപദേശിച്ചു.

ഹദ്റത് മസീഹ് മൗഊദ്(അ) വാദം ഉന്നയിച്ച സമയത്ത് വിശ്വസിച്ചവർ ചുരുക്കം ചിലർ മാത്രമായിരുന്നു. ആഥിമുമായി അദ്ദേഹം ഏറ്റുമുട്ടിയ അവസരത്തിൽ ജനങ്ങൾക്കതു വലിയ പരീക്ഷണമായിരുന്നു. ലേഖ്റാമുമായി ഏറ്റുമുട്ടിയപ്പോൾ അദ്ദേഹത്തിനെതിരെ ഹിന്ദുക്കളിൽ ആവേശം ഉണർന്നു. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയുടെ ഫത്വകളുടെ സമയത്തും ഡോക്ടർ അബ്ദുൾ ഹക്കീം മുർത്തദ്ദായ സമയത്തും ജമാഅത്തിനു വലിയ പരീക്ഷണങ്ങളുണ്ടായി. എന്നാൽ ഈ കഷ്ടതകളെയെല്ലാം ഉന്മൂലനം ചെയ്യാനുള്ള മാർഗങ്ങൾ അല്ലാഹു ഉണ്ടാക്കി. ആ ഫിത്നകൾ ജമാഅത്തിനെ നശിപ്പിക്കുന്നതിനുപകരം, അതിന്റെ പുരോഗതിക്കും ബഹുമാനത്തിനും കാരണമായി.

എതിർപ്പിനെക്കുറിച്ച് മറ്റൊരു പ്രസംഗത്തിൽ ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഒരാൾ എതിർപ്പിന്റെ വാക്കുകൾ കേൾക്കുമ്പോൾ അവർ അത്തരം വൃത്തികെട്ട ആളുകളാണെങ്കിൽ അവരെ പോയി ഒന്ന് കാണാൻ അഗ്രഹിച്ചുകൊണ്ട് അന്വേഷിക്കുന്നു. അവർ (വന്നു) കാണുമ്പോൾ, തന്നോട് പറഞ്ഞ കാര്യങ്ങളും താൻ കാണുന്ന കാര്യങ്ങളും തികച്ചും വ്യത്യസ്തമായതിനാൽ, അവർ അത്ഭുതപ്പെടുന്നു; അവർ സൻമാർഗത്തെ സ്വീകരിക്കുകയും ചെയ്യുന്നു. ഒരിക്കൽ രാംപൂരിൽ നിന്നുള്ള ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മജ്ലിസിൽ വന്നപ്പോൾ അദ്ദേഹം പറഞ്ഞു: മൗലവി സനാഉല്ലാഹ് സാഹിബാണ് താങ്കളെ ബൈഅത്ത് ചെയ്യാൻ എന്നെ പ്രേരിപ്പിച്ചത്. താങ്കളെ പറ്റിയുള്ള എതിർപ്പ് അവരുടെ പുസ്തകങ്ങളിൽ വായിച്ച്, റഫറൻസിനായി താങ്കളുടെ ഗ്രന്ഥങ്ങൾ നോക്കിയപ്പോൾ, താങ്കൾ വിവരിക്കുന്ന തിരുനബി(സ)യുടെ മഹത്വവും അന്തസ്സും ഇക്കൂട്ടരുടെ ഹൃദയത്തിൽ പോലുമില്ലെന്ന് ഞാൻ മനസ്സിലാക്കി.

എന്തുകൊണ്ടാണ് പ്രവാചകന്മാർ ഇത്ര കർക്കശക്കാരായത് എന്നതിനെപറ്റി ഹദ്റത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: പ്രവാചകന്മാരുടെ പരുഷമായ അവസ്ഥ അസ്ഥിത്വത്തിനു വേണ്ടിയല്ല. മറിച്ച് സർവ്വശക്തനായ അല്ലാഹുവിന്റെ സ്ഥാനം സ്ഥാപിക്കാനാണ് അവർ കാഠിന്യവും ആത്മാഭിമാനവും കാണിക്കുന്നത്. അവർ സ്വന്തം കാര്യത്തിൽ വളരെ എളിമയുള്ളവരാണ്. ഒരിക്കൽ ലാഹോറിലെ ഒരു തെരുവിൽ ആരോ അദ്ദേഹത്തെ തള്ളിയപ്പോൾ അദ്ദേഹം വീഴുകയുണ്ടായി. ഹുസൂറിന്റെ കൂടെയുണ്ടായിരുന്നവർ ആവേശഭരിതരായി, ഏതാണ്ട് അവനെ അടിക്കുന്നതിന്റെ വക്കിലെത്തി, എന്നാൽ അവിടുന്ന് പറഞ്ഞു: അയാൾ തന്റെ ആവേശത്തിൽ സത്യത്തെ പിന്തുണച്ചുകൊണ്ടാണ് അത് ചെയ്തത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നമ്മുടെ കാലത്ത് അല്ലാഹു എല്ലാ ബഹുമതികളും നാമുമായി ചേർത്തിയിരിക്കുന്നു. ഇന്ന് ബഹുമാനം ലഭിക്കുക നമ്മുടെ ശിഷ്യന്മാർക്കോ അല്ലെങ്കിൽ എതിരാളികൾക്കോ ആയിരിക്കും. മൗലവി സനാഉല്ലാഹ് സാഹിബിനെ നോക്കുക. അദ്ദേഹം വലിയ മൗലവിയൊന്നുമല്ല; അദ്ദേഹത്തെപ്പോലെ ആയിരക്കണക്കിന് മൗലവിമാർ പഞ്ചാബിലും ഇന്ത്യയിലും ഉണ്ട്. അയാൾക്ക് എന്തെങ്കിലും അന്തസ്സ് കിട്ടുന്നുണ്ടെങ്കിൽ അത് നമ്മെ എതിർത്തതു കൊണ്ടാണ്. ഇന്നും മൗലവിമാർക്ക് ഉപജീവനവും സ്ഥാനങ്ങളും ലഭിക്കുന്നത് അഹ്മദിയത്തിനോടുള്ള എതിർപ്പ് കാരണമാണ്.

ഇപ്പോഴും രാഷ്ട്രീയക്കാർപോലും തങ്ങളുടെ രാഷ്ട്രീയത്തെ പ്രശോഭിതമാക്കാൻ ശ്രമിക്കുന്നത് അഹ്മദിയത്തിനോടുള്ള എതിർപ്പിലൂടെയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരെ ഗൂഢാലോചനകൾ നടന്നു, കൊലപാതക കേസുകൾ പോലും ഫയൽ ചെയ്യപ്പെട്ടു. വധശ്രമക്കേസിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരെ മൊഴി നൽകാൻ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി എത്തിയിരുന്നു. മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിക്ക് കോടതിയിൽ കനത്ത അപമാനം ഏറ്റുവാങ്ങേണ്ടിവന്നു.

ജങ്കേ മുഖദ്ദസ് എന്ന പേരിൽ പ്രസിദ്ധമായ ഹുസൂറിന്റെ ഒരു സംവാദം ക്രിസ്ത്യാനികളുമായി നടന്നു. അതിൽ മുടന്തരും അന്ധരും ഊമകളും ബധിരരുമായ പലരെയും ക്രിസ്ത്യാനികൾ പെട്ടെന്ന് കൊണ്ടുവരികയും യേശുക്രിസ്തു അവരെ സുഖപ്പെടുത്താറുണ്ടായിരുന്നുവെന്നു പറയുകയും ചെയ്തു. നിങ്ങൾ യേശുവിന്റെ സദൃശ്യനാണെന്ന് അവകാശപ്പെടുകയാണെങ്കിൽ, നിങ്ങളും ഇവരെ സുഖപ്പെടുത്തണം. യാതൊരു പരിഭ്രാന്തിയും കൂടാതെ ഹുസൂർ(അ) പറഞ്ഞു: ഇസ്ലാമിക അധ്യാപനമനുസരിച്ച് ആദ്ദേഹം ഇത്തരം അന്ധരേയും ബധിരരേയും ഒന്നും സുഖപ്പെടുത്തിയിട്ടില്ല.

നമ്മുടെ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) കാണിച്ച അത്ഭുതങ്ങൾ എനിക്ക് കാണിക്കാൻ സാധിക്കുന്നതാണ്. ബാക്കിയുള്ള ഈ അത്ഭുതങ്ങളെ സംബന്ധിച്ചിടത്തോളം, കടുകുമണിയോളം വിശ്വാസമുള്ള ഓരോ ക്രിസ്ത്യാനിക്കും യേശുക്രിസ്തു ചെയ്തതു പോലെയുള്ള അത്ഭുതങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് നിങ്ങളുടെ വേദഗ്രന്ഥം പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ഈ അന്ധരും ബധിരരും മുടന്തരും തയ്യാറുണ്ട്, നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഇവരെ സുഖപ്പെടുത്തുക. പറഞ്ഞു: അല്ലാഹു തന്റെ സമീപസ്ഥരെ എല്ലാ അവസരങ്ങളിലും ആദരിക്കുകയും ശത്രുക്കളെ തീർത്തും നിസ്സഹായരായിത്തീർക്കുന്ന തരത്തിലുള്ള മറുപടികൾ അവർക്ക് നൽകുകയും ചെയ്യുന്നു.

ഒരാൾ ഹുസൂർ(അ)ന്റെ അടുത്ത് വന്ന് അവിടുത്തെ വലിയ ആരാധകനാണെന്ന് സ്വയം പ്രകടിപ്പിച്ചു. മൗലവിമാരെ വ്യത്യസ്ത വിശ്വാസങ്ങൾ അംഗീകരിപ്പിക്കാൻ തന്റെ ഉള്ളിൽ വന്ന പല അഭിപ്രായങ്ങളും നൽകാൻ തുടങ്ങി. ആ നിർദേശങ്ങൾ കേട്ടുകൊണ്ട് ഹുസൂർ(അ) പറഞ്ഞു: എന്റെ വാദം മാനുഷികമായ തന്ത്രം മാത്രമായിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ അങ്ങനെത്തന്നെ ചെയ്യുമായിരുന്നു. പക്ഷേ ഇത് അല്ലാഹുവിന്റെ കൽപ്പന പ്രകാരമായിരുന്നു. ദൈവം എനിക്ക് മനസ്സിലാക്കി തന്നതുപോലെയുമാണ് ഞാൻ ചെയ്തത്.

ഹുസൂർ തിരുമനസ്സ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തേയും അല്ലാഹുവിൽ നിന്നുള്ള പിന്തുണയുടെയും സഹായത്തിന്റെയും ഏതാനും ചില വിശ്വാസവർധകമായ സംഭവങ്ങൾ വിവരിച്ച ശേഷം, ഹുസൂർ(അ)ന്റെ ഒരു ഉദ്ധരണി കേൾപ്പിച്ചു. കറ്റുകെട്ടിപ്പറയുന്നവന്റെ നാശത്തിന് അവന്റെ കളവു തന്നെ മതിയായതാണ്. എന്നാൽ അല്ലാഹുവിന്റെ പ്രതാപത്തിന്റെയും അവന്റെ റസൂൽ(അ)ന്റെ അനുഗ്രങ്ങളുടെയും പ്രകടനത്തിനും തെളിവിനുമായി അല്ലാഹു തന്റെ കരങ്ങളാൽ നട്ട ചെടിയെ മലക്കുകൾ തന്നെ സംരക്ഷിക്കുന്നു. ഓർമിക്കുക, എന്റെ ജമാഅത്ത് അവൻ പറഞ്ഞത്പോലെ വെറുമൊരു കച്ചവടമായിരുന്നെങ്കിൽ ഇതിന്റെ പേരും അടയാളവും മാഞ്ഞുപ്പോകുന്നതാണ്. പക്ഷേ ഇത് ദൈവത്തിൽ നിന്നാണെങ്കിൽ - തീർച്ചയായും അവനിൽ നിന്ന് തന്നെയാണ് - ലോകം മുഴുവൻ എതിർത്താലും, അത് വളർന്ന് പടരുന്നതാണ്. മലക്കുകൾ അതിനെ സംരക്ഷിക്കുന്നതാണ്. അതിനാൽ നാം ബൈഅത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നവർ ആയിത്തീരാൻ സർവ്വ ശക്തനായ അല്ലാഹു സൗഭാഗ്യം നൽകട്ടെ. അവിടുത്തെ സന്ദേശം ലോകത്തിന് എത്തിച്ചുകൊടുത്തു കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികൾ ആയി മാറാനും അല്ലാഹു സഹായിക്കട്ടെ. വിശ്വാസവഞ്ചന കാണിക്കരുത്; വിശ്വസ്തരുടെ കൂട്ടത്തിൽ എണ്ണപ്പെടുക. അല്ലാഹു അതിനും സൗഭാഗ്യം നൽകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് കുർദി ഭാഷാ വെബ്സൈറ്റ് ലോഞ്ച് ചെയ്യുന്നതായി അറിയിച്ചു. ഈ വെബ്സൈറ്റിലൂടെ കുർദിശ് ഭാഷ അറിയുന്ന വായനക്കാർക്ക് ആദ്യമായി അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസങ്ങൾ അവരുടെ ഭാഷയിൽ വായിക്കാൻ കഴിയും.

അവസാനം ഹുസൂർ തിരുമനസ്സ് പറഞ്ഞു: ലോകത്തിന്റെ അവസ്ഥകൾക്കായി ദുആകൾ തുടരുക. അല്ലാഹു ലോകത്തെ നാശത്തിൽ നിന്നും രക്ഷിക്കട്ടെ മനുഷ്യരാശിക്ക് ബുദ്ധി നൽകുകയും അവരുടെ സ്രഷ്ടാവിനെ അവർ തിരിച്ചറിയുകയും ചെയ്യട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 25.03.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**